LIBRARY ARCHIVES Kerala Legislative Assembly

ലാക്കപ്പുകളിലെ അസൌകര്യങ്ങൾ

*നമ. (൫൨) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ചീഫ്മിനിസ്റ്റർ സദയം മറുപടി പറയുമോ.—

പല ലാക്കപ്പുകളിലും മൂത്രവിസർജ്ജനത്തിനുള്ള സൌകര്യമില്ലാതെ കടങ്ങളിൽ മൂത്രം വച്ചിരുന്ന ദുർഗ്ഗന്ധം സഹിക്കുന്ന വൈഷമ്യാവസ്ഥ ഗവൺമെൻറിന് അറിയാമോ?

ചീഫ്മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള): ചില ലാക്കപ്പുകളിൽ മൂത്രപ്പുരകൾ ഇല്ലാത്തതുനിമിത്തം മൺകുടങ്ങൾ ഉപയോഗിക്കുകയും അവ കഴിയുന്നത്ര ശ്രദ്ധിയാക്കി വച്ചുകൊണ്ടിരിക്കുകയുംചെയ്യുന്നു. ദുർഗന്ധം ഇല്ലാതാക്കുവാൻ സോപ്പുകൾ നൽകിയിട്ടുണ്ട്.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ഈ മൂത്രക്കുടങ്ങൾ കഴുകുന്നതു് ആരാണ്.

ശ്രീ. ടി. കെ. നാരായണപിള്ള: പോലീസുകാർ തന്നെയായിരിക്കും.

ശ്രീ. പാണ്ടവത്തു ശങ്കരപ്പിള്ള: ഈ ലാക്കപ്പുകളിൽ ക്ലോസെറ്റുകൾ ഉണ്ടാക്കാൻ നടപടി നടത്താമോ?

ശ്രീ. ടി. കെ. നാരായണപിള്ള: നടത്തുന്നുണ്ട്. ഇപ്പോൾമിക്ക ലാക്കപ്പുകളിലും ക്ലോസെറ്റുകൾ ഉണ്ട്.

ശ്രീ. മാന്നാർ ഗോപാലൻനായർ: പോലീസുകാരെകൊണ്ട് ഈ മൂത്രകുടങ്ങൾ കഴുകിക്കാതിരിക്കാൻ ശ്രദ്ധിക്കാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് സാധ്യമല്ലാ.

മരുന്നുകളുടെ ദൌർല്ലഭ്യം

*നമമ. (൫൩) ശ്രീ. എ. എൽ. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ആശുപത്രികളിൽ ആവശ്യത്തിനു വേണ്ട മരുന്നുകൾ ഇല്ലാതെവന്നിട്ടുള്ളതായി ഗവൺമെൻറിന്റെ ദൃഷ്ടിയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടി നടത്തി?

ധനകാര്യവും റവന്യൂവും വകുപ്പുമന്ത്രി (ശ്രീ. എ. ജെ. ജാൺ:)

(എ) ഉണ്ട്.

(ബി) ആ അവസരങ്ങളിലെല്ലാം മരുന്നുകൾ എത്തിച്ചു കൊടുക്കുവാൻ സത്വര നടപടികൾ എടുത്തിട്ടുണ്ട്.

ശ്രീ. വർഗ്ഗീസ് അഗസ്റ്റ്യൻ: മിക്ക ആശുപത്രികളിലും ആവശ്യമുള്ള മരുന്നുകൾ ഇപ്പോഴില്ലെന്ന് അറിയാമോ?

ശ്രീ. എ. ജെ. ജാൺ: സ്റ്റോറിൽഉള്ള മരുന്നുകൾ ഉടനെതന്നെ എത്തിച്ചു കൊടുക്കുന്നുണ്ട്.

ALLEGATIONS AGAINST THE CABINET

*334. [54] **Sri. A. K. George:** Will the Hon'ble the Chief Minister be pleased to state whether it has come to the notice of the Government that a member of the Indian Parliament representing our State has recently issued a statement to the Press containing very grave allegations against the Cabinet, characterising the Government as a mere farce (*vide* Express dated 21-9-50)?